റോഡുകളുടെ നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം

53 (1992) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടാമ്പി നിയോജക മണ്ഡലത്തിൽപ്പെട്ട വർക്കുകളുടെ ടെന്റർ കഴിഞ്ഞ വിളയൂർ-കൈപ്പുറം റോഡ്, നെല്ലായ-മാവുണ്ടിരിക്കടവ് റോഡ് എന്നിവ നിർമ്മാണം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) ഈ രണ്ടു റോഡുകളുടെയും നിർമ്മാണം എന്ന് പൂർത്തിയാവുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ രണ്ട് പണികളും തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) വിളയൂർ-കൈപ്പുറം റോഡിന്റെ പണി 31-3-2004-ലും നെല്ലായ-മാവുണ്ടിരിക്കടവ് റോഡിന്റെ പണി 31-5-2004-ലും പൂർത്തിയാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

മണർകാട് ഭാഗത്തെ റോഡ് നിർമ്മാണം പൂർത്തിയാക്കാൻ നടപടി

54 (1993) ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരി-ഏറ്റുമാനൂർ ബൈപ്പാസ് റോഡിൽ മണർകാട് ഭാഗത്തെ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയിട്ട് എത്ര വർഷമായി എന്നറിയിക്കാമോ ;

(ബി) പ്രസ്തുത പണികൾ എന്നത്തേക്ക് പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഏഴു വർഷം.

(ബി) 2004 ജനുവരിയോടെ പണി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കോഴിക്കോട് ഒന്നാം നിയോജക മണ്ഡലത്തിലെ റോഡുകളുടേയും പാലങ്ങളുടേയും എസ്റ്റിമേറ്റ്

55 (1994) ശ്രീ. എ. സുജനപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ഒന്നാം നിയോജക മണ്ഡലത്തിൽ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയ റോഡുകളുടെയും പാലങ്ങളുടെയും വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly